പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 924** 05.03.2018- ൽ മറുപടിക്ക്

## കരമന-കളിയിക്കാവിള നാഷണൽ ഹൈവേ വികസനം

| ചോദ്യം | | മറുപടി |
| --- | --- | --- |
| **ശ്രീ. കെ.എസ്.ശബരീനാഥൻ** | | **ശ്രീ. ജി. സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| (എ) കരമന-കളിയിക്കാവിള നാഷണൽ ഹൈവേ വീതികൂട്ടുന്നതിന്റെ ഭാഗമായി ബാലരാമപുരം മുതൽ വഴിമുക്ക് വരെയുള്ള ഭാഗത്തെ നിർമ്മാണ പ്രവർത്തനങ്ങളുടെ സോഷ്യൽ ഇംപാക്റ്റ് അസസ്സ്മെന്റ് പൂർത്തിയായിട്ടുണ്ടോ; | (എ) | കരമന - കളിയിക്കാവിള ദേശീയപാതാ വികസനത്തിന്റെ ഒന്നാംഘട്ടം രണ്ടാം റീച്ച് ബാലരാമപുരം മുതൽ വഴിമുക്ക് വരെയുള്ള 1.5 കി.മി ഭാഗത്തെ സോഷ്യൽ ഇംപാക്റ്റ് അസസ്സ്മെന്റ് സ്റ്റഡി പൂർത്തിയായിട്ടില്ല. ഇതിനായി റവന്യൂ വിഭാഗം ഒരു യൂണിറ്റിനെ നിശ്ചയിച്ചിട്ടുണ്ട്. |
| (ബി) പ്രസ്തുത ഭാഗത്ത് സ്ഥലം ഏറ്റെടുക്കുന്നതിന് എത്ര കോടി രൂപ ആവശ്യമുണ്ട്; | (ബി) | ബാലരാമപുരം മുതൽ വഴിമുക്ക് വരെയുള്ള 1.5 കി.മി ഭാഗത്തെ ഭൂമി ഏറ്റെടുക്കുന്നതിനാവശ്യമായ 98.1 കോടി രൂപയുടെ ഭരണാനുമതി 20.07.2017-ലെ സ.ഉ (സാധാ) നം. 1048/2017/പൊ.മ.വ പ്രകാരം നൽകിയിട്ടുണ്ട്. |
| (സി) വഴിമുക്ക് മുതൽ കളിയിക്കാവിള വരെയുള്ള ഭാഗത്തിന്റെ അലൈൻമെന്റ് പൂർത്തിയായിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ്; വിശദമാക്കാമോ? | (സി) | കരമന - കളിയിക്കാവിള ദേശീയപാതാ വികസനത്തിന്റെ രണ്ടാംഘട്ടമായ വഴിമുക്ക് മുതൽ കളിയിക്കാവിള വരെയുള്ള ഭാഗത്തിന്റെ പൊതുമരാമത്ത് പി.പി.യു വിഭാഗം തയ്യാറാക്കിയ അലൈൻമെന്റ് പ്ലാൻ സാധ്യതാപഠനത്തിനും അനുമതിക്കുമായി ദേശീയപാതാ വിഭാഗം ചീഫ് എഞ്ചിനീയർ ഓഫീസിൽ ലഭിച്ചിട്ടുണ്ട്. പ്രസ്തുത അലൈൻമെന്റിൽ ആവശ്യമായ ഭേദഗതി വരുത്തി അംഗീകാരം നൽകുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. |

S. Binod

സെക്ഷൻ ഓഫീസർ